I/5518747/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്

നം.2108592/എസ് എഫ് സി ബി2/22/ധന. 02-12-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ
ഡി ബി റ്റി സെൽ, പഞ്ചായത്ത് ഡയറക്ടറേറ്റ്

നഗരകാര്യ ഡയറക്ടർ
ഡി ബി റ്റി സെൽ, പഞ്ചായത്ത് ഡയറക്ടറേറ്റ്

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ
നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ
തിരുവനന്തപുരം

സർ,

വിഷയം:- ധനകാര്യ വകുപ്പ്- സാമൂഹ്യ സുരക്ഷാ പെൻഷൻ- ബയോമെട്രിക് മസ്റ്ററിംഗിനുള്ള അനുമതി നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 15.01.2022-ലെ നം.1492204/എസ്.എഫ്.സി-ബി2/2020/ധന സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അക്ഷയ കേന്ദ്രങ്ങൾ മുഖേനയുള്ള മസ്റ്ററിംഗ്/ ഹോം മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്തുള്ള മസ്റ്ററിംഗ് എന്നിവയ്ക്കുള്ള അനുമതിക്കായി നിരന്തരം അപേക്ഷകൾ ലഭിക്കുന്ന സാഹചര്യവും, മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ അർഹതപ്പെട്ടവർക്ക് രണ്ടര വർഷത്തിലേറെയായി പെൻഷൻ മുടങ്ങുന്ന സാഹചര്യവും കണക്കിലെടുത്ത്, 2019 ഡിസംബർ 31 വരെയുള്ള ഗുണഭോക്താക്കൾക്കായി നടത്തിയിരുന്ന മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ മസ്റ്റർ ചെയ്യുന്നതിനായും (അക്ഷയ കേന്ദ്രങ്ങളിൽ എത്തി മസ്റ്റർ ചെയ്യുന്നതിനായി 30/- രൂപയും ഹോം മസ്റ്ററിംഗിന് 130/- രൂപയും) മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ

പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിനുമുൻപുള്ള കാലയളവ്) സമയം അനുവദിക്കുന്നു. 2019 ഡിസംബർ 31 വരെയുള്ള ഗുണഭോക്താക്കളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടില്ലായെന്ന കാരണത്താൽ പെൻഷൻ തടയപ്പെട്ടവരുടെ മസ്റ്ററിംഗ് മാത്രമേ നടത്തേണ്ടതുള്ളൂ. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് അടിയന്തരമായി നൽകേണ്ടതാണെന്ന് സദയം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
പ്രതീപ് കുമാർ.ബി
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.